**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6241** **17-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ഓഡിറ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ഓഡിറ്റ് കൂടുതൽ ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കാൻ കൂടുതൽ ഓഡിറ്റർമാരെ ആവശ്യമായി വരുമോ; എങ്കിൽ എത്ര ഓഡിറ്റർമാരെ അധികമായി വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ; | (എ) | സഹകരണ ഓഡിറ്റ് കൂടുതൽ ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>സഹകരണ ഓഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലും തൃശ്ശൂർ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് സംവിധാനം ആരംഭിച്ചു. ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സഹകരണ ഓഡിറ്റ് കാര്യക്ഷമമായി നടത്താൻ താലൂക്ക് തലത്തിലുള്ള സംവിധാനം എന്താണ്; ഈ സംവിധാനം സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലുമുണ്ടോ; ഇല്ലെങ്കിൽ നിലവിലില്ലാത്ത താലൂക്കുകൾ ഏതൊക്കെയാണെന്നും അവിടങ്ങളിൽ കൂടി പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ; | (ബി) | സഹകരണ ഓഡിറ്റ് കാര്യക്ഷമമായി നടത്താൻ താലൂക്ക് തലത്തിൽ സഹകരണ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസുകൾ 14 താലൂക്കുകൾ ഒഴികെ മറ്റ് എല്ലാ താലൂക്കുകളിലും നിലവിലുണ്ട്.<br><br>പുതുതായി രൂപീകരിച്ച ടി താലൂക്കുകളിൽ നേരത്തെ ഉണ്ടായിരുന്ന സഹകരണ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ഓഫീസിൽ നിന്ന് തന്നെ കാര്യക്ഷമമായ ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. |
| (സി) | സഹകരണ വകുപ്പിലെ ജനറൽ വിഭാഗത്തിൽ ഭരണപരമായ കാര്യങ്ങൾ നിറവേറ്റുന്നതിനും ഇൻസ്പെക്ഷൻ നടത്തുന്നതിനുമായി മതിയായ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാർ നിലവിലുണ്ടോ എന്ന് അറിയിക്കാമോ; | (സി) | സഹകരണ വകുപ്പിന്റെ പുന:സംഘടന സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും ഇത് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയതിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (ഡി) | സഹകരണ വകുപ്പിൽ ഇപ്പോൾ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ 16 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 3 ഒഴിവുകൾ ക്ലാർക്ക്/ ടൈപ്പിസ്റ്റ് ബൈ ട്രാൻസ്ഫർ നിയമനത്തിനും ബാക്കിയുള്ള 13 ഒഴിവുകൾ പി.എസ്.സി.-ക്ക് നേരിട്ടുള്ള നിയമനത്തിനും റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, സ്പെഷ്യൽ ഗ്രേഡ് ഓഡിറ്റർ എന്നീ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ? | (ഇ) | സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ 8 ഒഴിവുകളും സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ